പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1744 — 03.05.2017 ൽ മറുപടിയ്ക്ക്

ഭക്ഷ്യ ധാന്യങ്ങളുടെ വില നിയന്ത്രണം

ചോദ്യം
ശ്രീ. വി. കെ. സി. മമ്മത് കോയ

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളത്തിൽ ഭക്ഷ്യ ധാന്യങ്ങളുടെ വില നിയന്ത്രണത്തിന് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; | (എ) | നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവിനെ നേരിടാൻ ശക്തമായ വിപണിയിടപെടൽ പദ്ധതി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന കാര്യക്ഷമമായി നടപ്പാക്കി വരുന്നു. പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനുമായി സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾക്കുപുറമേ ഒ.എം.എസ്.എസ്. പുഴുക്കലരി, പച്ചരി, ആന്ധ്ര ഇതര അരി എന്നിവ വിൽപ്പനശാലകൾ വഴി വിതരണം ചെയ്തു വരുന്നു. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 28 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലകുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതു ജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ഇത് കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വിലക്കുറവിൽ വിറ്റു വരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, എഫ്.എം.സി.ജി. ഉൽപ്പന്നങ്ങളും എം.ആർ.പി./ മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. കൂടാതെ അരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും, വില വർദ്ധനവ് |

| | | | |
|---|---|---|---|
| | | | തടയുന്നതിനുമായി വിവിധ ജില്ലകളിൽ അരിക്കട ഫെയറുകൾ ആരംഭിക്കുകയും, സബ്സിഡി നിരക്കിലും നോൺ സബ്സിഡി നിരക്കിലുമായി എല്ലാത്തരം അരി ഇനങ്ങളും വിതരണം ചെയ്യുന്നുണ്ട്. |
| (ബി) | ഇക്കഴിഞ്ഞ വിഷു - ഈസ്റ്റർ സീസണിൽ അരിവില നിയന്ത്രിക്കുന്നതിന് എടുത്ത നടപടികൾ എന്തൊക്കെയാണ്; ഈ നടപടികൾ തുടരുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ? | (ബി) | വിപണിയിലെ അരിവില വർദ്ധനവ് തടയുന്നതിനായി ഈസ്റ്റർ-വിഷു സീസണിൽ എല്ലാ സൂപ്പർ മാർക്കറ്റുകളും ഹൈപ്പർ മാർക്കറ്റുകളും പീപ്പിൾസ് ബസാറുകളും പ്രത്യേക ഫെയറുകളായി പ്രവർത്തിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സപ്ലൈകോ ഔട്ട് ലെറ്റുകളും മുഖേന വിവിധ ഇനം അരി സബ്സിഡി നിരക്കലും നോൺ സബ്സിഡി നിരക്കിലും വിതരണം ചെയ്യുന്നുണ്ട്. സബ്സിഡി ഇനത്തിൽ ജയഅരി. കുറുവ അരി എന്നിവ കിലോ ഗ്രാമിന് 25/- രൂപയ്ക്കും മട്ട അരി 24/- രൂപയ്ക്കും, പച്ചരി 23/- രൂപയ്ക്കും വിതരണം ചെയ്യുന്നു. കൂടാതെ എഫ്.സി.ഐ. യിൽ നിന്നും ഇ-ഓക്ഷൻ മുഖേന വാങ്ങിയ പച്ചരി 23/- രൂപയ്ക്കും പുഴുക്കലരി 25/- രൂപയ്ക്കും സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നു. മേൽപ്പറഞ്ഞ വിഭാഗത്തിലുള്ള എല്ലാ ഇനം അരിയും ഫ്രീ സെയിൽ സബ്സിഡി നിരക്കിനത്തിൽ വിപണിവിലയേക്കാൾ കുറഞ്ഞ നിരക്കിൽ എല്ലാ ഔട്ട് ലെറ്റുകളിലും ലഭ്യമാക്കിയതു വഴി വിപണിയിൽ കൂടുതൽ അരി കുറഞ്ഞ വിലയിൽ ലഭ്യമാക്കാൻ കഴിഞ്ഞു. ഓയിൽ പാം ഇന്ത്യയുമായി സഹകരിച്ച് കുട്ടനാടൻ മട്ട അരി എന്ന പേരിൽ മട്ട (ഉണ്ട) അരിയും കിലോ ഗ്രാമിന് 33/- രൂപ നിരക്കിൽ വിപണനകേന്ദ്രങ്ങൾ വഴി ലഭ്യമാക്കി. വിഷു, ഈസ്റ്റർ സീസൺ കണക്കിലെടുത്ത് 09/04/2017 ഞായറാഴ്ചയും, അവധി ദിവസമായ 13/04/2017 ലും (പെസഹ വ്യാഴാഴ്ച) മാവേലി സ്റ്റോറുകൾ ഉൾപ്പെടെയുള്ള സപ്ലൈകോയുടെ എല്ലാ ചില്ലറ വിൽപ്പനശാലകളും തുറന്നു പ്രവർത്തിച്ചു. ഈ നടപടികൾ തുടരുന്നത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ